"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി - തരൂർ നിയോജക മണ്ഡലം - ഭരണാനുമതിയിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി ചെയ്തത് - സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.925/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/05/2020

പരാമർശം:- 1 സ.ഉ.(സാധാ) നം. 635/2017/തസ്വഭവ, തീയതി 08.03.2017.

2 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 07.06.2019, 31.10.2019 തീയതികളിലെ ഡിബി3/9358/2018/സിഇ/തസ്വഭവ നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

ബഹു. മന്ത്രിയും തരൂർ നിയോജകമണ്ഡലം എം.എൽ.എ-യുമായ ശ്രീ.എ.കെ.ബാലൻ അവർകളുടെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം 5 പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു. ആയതിലെ ആലത്തൂർ/കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള ചുവടെ പ്രതിപാദിക്കുന്ന 4 റോഡ് പ്രവൃത്തികൾ ക്ലോസ്ഡ് ഗ്രേഡഡ് ചിപ്പിങ് കാർപെറ്റ് രീതിയിൽ പൂർത്തീകരിക്കണമെന്നാണ് ഭരണാനുമതിയിൽ വ്യവസ്ഥ ചെയ്തിരുന്നത്.

1. മൂച്ചിക്കൂട്ടം വാല്യപറമ്പ് റോഡ് നിർമ്മാണം - കുത്തന്നൂർ ഗ്രാമപഞ്ചായത്ത് -30 ലക്ഷം രൂപ
2. നെടുകത്തറ ചുരങ്കത്തൊടി എൻ.എച്ച് റോഡ് മെറ്റലിംഗും ടാറിംഗും - കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് -40 ലക്ഷം രൂപ
3. മാങ്ങോട് എളനാട് റോഡ് - കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് -35 ലക്ഷം രൂപ
4. ഏരകളം കഴനി തെക്കുമുറി റോഡ് - കാവശ്ശേരി ഗ്രാമപഞ്ചായത്ത് -20 ലക്ഷം രൂപ

2. എന്നാൽ മേൽ പ്രവർത്തികൾ ഭരണാനുമതിയിൽ നിന്നും വ്യതിചലിച്ച്, പ്രസ്തുത ഗ്രാമീണ റോഡുകളുടെ സ്ഥലകുറവ്, യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിലെ പരിമിതി എന്നിവ കണക്കിലെടുത്ത്, ക്ലോസ്ഡ് ഗ്രേഡഡ് ചിപ്പിങ് കാർപെറ്റ് എന്നതിന് പകരം ഓപ്പൺ ഗ്രേഡഡ് ചിപ്പിങ് കാർപെറ്റ് രീതിയിൽ പൂർത്തീകരിച്ചതിന് സാധൂകരണം നൽകണമെന്നും പൂർത്തീകരിച്ച പ്രവൃത്തികളുടെ റിക്വസിഷൻ തുക അനുവദിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ആയത് പ്രകാരം ഉള്ള തുക അനുവദിക്കുവാനും അഭ്യർത്ഥിച്ചു കൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം സർക്കാരിലേയ്ക്ക് അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചീഫ് എഞ്ചിനീയർ പ്രതിപാദിച്ച കാരണങ്ങൾ തൃപ്തികരമല്ല. ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാനുള്ള അസൗകര്യം ഉണ്ടായിരുന്നുവെങ്കിൽ manual mixing

പ്രയോഗിക്കാമായിരുന്നു .ആയതിനാൽ ഭാവിയിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കരുതെന്ന കർശന നിർദ്ദേശത്തോടെ തരൂർ നിയോജകമണ്ഡലത്തിലെ ആലത്തൂർ/കുഴൽമന്ദം ബ്ളോക്ക് പഞ്ചായത്തിനു കീഴിലുള്ള മേൽ പ്രതിപാദിച്ച 4 റോഡ് പ്രവർത്തികൾ, ഭരണാനുമതി വ്യവസ്ഥയിൽ നിന്നും വ്യതിചലിച്ച്, 20mm ക്ലോസ്ഡ് ഗ്രേഡഡ് ചിപ്പിങ് കാർപെറ്റ് (MSS) എന്നതിന് പകരം 20mm ഓപ്പൺ ഗ്രേഡഡ് ചിപ്പിങ് കാർപെറ്റ് എന്നയിനം ഉൾപ്പെടുത്തിയ നടപടി, സാധൂകരിച്ച്, പരാമർശം (1) ഭരണാനുമതി ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

4. പരാമർശം (1)-ലെ ഉത്തരവ് മേൽ ഭേദഗതിയോടെ മാത്രം നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് .
എക്സിക്യൂട്ടീവ് എഞ്ചിനീയർ, പാലക്കാട് ഡിവിഷൻ, തദ്ദേശസ്വയംഭരണ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം(ഇതിന് ധനകാര്യവകുപ്പിന്റെ അംഗീകാരമുണ്ട്).
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
ധനകാര്യ (നോഡൽ സെന്റർ - സി) വകുപ്പ് (File ID No.258/NC-C2/2016-FIN).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ